## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2324 20.06.2012 ൽ മറുപടിയ്ക്ക്

### പഴശ്ശി ജലസേചന പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ.പി.ജെ.ജോസഫ്<br>ജലവിഭവ വകുപ്പ് മന്ത്രി |
| എ) പഴശ്ശി ജലസേചന പദ്ധതിയുടെ ഷട്ടറുകൾ തകരാറായതിനാൽ ജല സംഭരണിയുടെ പ്രവർത്തനം ഫലപ്രദമല്ലെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br><br>ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാ മാണ്;<br><br>സി) പഴശ്ശി ഡാമിലെ ചോർച്ച തടയുന്ന തിനുള്ള പ്രവൃത്തികൾ സമയബന്ധിത മായി പൂർത്തീകരിക്കുന്നതിന് നിർ ദ്ദേശിക്കുമോ ? | എ) ബി) & സി | പഴശ്ശി ജലസേചന പദ്ധതിയുടെ ഷട്ടറുകൾ തകരാറായതിനാൽ ജലസംഭരണിയുടെ പ്രവർത്തനം ഫലപ്രദമല്ലെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഷട്ടറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. രണ്ടു ഷട്ടറുകളുടെ മെയിന്റനൻസ് നടന്നു വരുന്നു. ബാക്കി 14 ഷട്ടറുകളുടെ അറ്റകുറ്റ പണികൾ നടത്തി പഴശ്ശി ഡാമിലെ ചോർച്ച തടയുന്നതിനുള്ള പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തികരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ